സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനുള്ള
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2024 ഏപ്രിൽ 20 ശനി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ



സാമൂതിരിരാജ വക
തളി മഹാക്ഷേത്രം ഉത്സവാഘോഷം

ഇന്ന് 20 – 04 – 2024

രാവിലെ 5.30ന് : പള്ളിക്കുറുപ്പ് ഉണർത്തൽ

7മണി : ചാക്യർകൂത്ത് (അമ്മന്നൂർ കുട്ടൻ ചാക്യാരും സംഘവും

രാവിലെ 7.00 : കാഴ്ച ശീവേലി (മേളത്തോട്കൂടി) ഓട്ടൻ തുള്ളൽ (കൃഷ്ണപുരത്ത് മുരളി പിഷാരടിയും സംഘവും)

ഉച്ചയ്ക്ക് 12 – 2.30: ആറാട്ട് കഞ്ഞി (അന്നദാന മണ്ഡപത്തിൽ, സാമൂതിരി സ്കൂൾ)

വൈകു. 5.00 : കൊടിയിറക്കൽ, യാത്രാബലി, ഗജവീരന്മാരുടെ അകമ്പടിയോടുകൂടി പുറത്തേക്ക് എഴുന്നള്ളിപ്പ് (കാണിക്കയിട്ട് തൊഴൽ പ്രധാനം)

രാത്രി 7.00 : പഞ്ചവാദ്യം

തൃശൂർ പൂരത്തിലെ അട്ടിമറിക്ക് പിന്നിൽ രഹസ്യ അജണ്ട: കെ. മുരളീധരൻ

തൃശൂർ: കേന്ദ്ര സർക്കാറും സംസ്ഥാനവും ചേർന്ന് തൃശൂർ പൂരം കുളമാക്കിയെന്ന് തൃശൂർ ലോക്സഭാ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി കെ. മുരളീധരൻ. പൂരം എക്സിബിഷൻ മുതൽ അട്ടിമറി ശ്രമം തുടങ്ങിയിട്ടുണ്ട്. വെടിക്കെട്ടിനോടനുബന്ധിച്ച് പൊലീസ് കാണിച്ചത് ശുദ്ധ തോന്ന്യവാസമാണ്. ബ്രഹ്മസ്വം മഠത്തിൽ പൊലീസ് സീൻ ഉണ്ടാക്കിയതിന് താൻ സാക്ഷിയാണ്.വെടിക്കെട്ട് മുടങ്ങിയതിന് സർക്കാറാണ് ഉത്തരവാദി. രാത്രി 11ന് തുടങ്ങിയ അനിശ്ചിതത്വം തീർന്നത് പുലർച്ചെ ആറിനാണ്. ഇതോടെ വെടിക്കെട്ടിന്റെ പൊലിമ പോയി. പകൽ വെടിക്കെട്ടും രാത്രി പൂരവും എന്ന സ്ഥിതിയായി. ഇതിൽ കേന്ദ്രത്തിനും സംസ്ഥാന സർക്കാറിനും പങ്കുണ്ട്.തൃശൂർ പൂരത്തിലെ അട്ടിമറിയും പൊലീസിനെ കയറൂരിവിട്ടത് എന്തിനാണെന്നും അന്വേഷിക്കണം. വിഷയത്തിൽ സർക്കാർ ഇടപെടാതിരുന്നത് ദൗർഭാഗ്യകരമാണ്. പൂരം അട്ടിമറിച്ച് ബി.ജെ.പിക്ക് വോട്ട് ഉണ്ടാക്കാൻ ശ്രമിച്ചതാണോയെന്ന് സംശയമുണ്ട്. ഒരു മുഖ്യമന്ത്രിയും സർക്കാറുമുള്ളയിടത്ത് പൊലീസ് ഇങ്ങനെ അഴിഞ്ഞാടുമോ?

ഇതിന് പിന്നിൽ വ്യക്തമായ രഹസ്യ അജണ്ടകളുണ്ട്. അസുഖമായതിനാൽ പൂരത്തിനു പോലും വരാത്ത ബി.ജെ.പി സ്ഥാനാർഥി ഓടിയെത്തിയതും ഈ രഹസ്യ അജണ്ടയുടെ ഭാഗമാണ്. മന്ത്രി കെ. രാജൻ സ്ഥലത്തുണ്ടായിട്ടും പ്രശ്നപരിഹാരം നീണ്ടുപോയി. വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നും കെ. മുരളീധരൻ പറഞ്ഞു.

കർണാടകയിൽ കോൺഗ്രസിന് വൻ മുന്നേറ്റമുണ്ടാകുമെന്ന് ലോക്പോൾ സർവേ, സീറ്റ് കുറയുമെന്ന ആശങ്കയില്ലെന്ന് ബിജെപി

ബംഗളൂരു:കർണാടകയിൽ കോൺഗ്രസിന് വൻ മുന്നേറ്റമുണ്ടാകുമെന്ന് സർവേ പ്രവചനം. ലോക്സഭാ തെരഞ്ഞെടുപ്പിൽ 15 മുതൽ 17 സീറ്റ് വരെ കോൺഗ്രസിന് കിട്ടുമെന്ന് ലോക്പോൾ സർവേ പ്രവചിക്കുന്നു.

ആകെ 28 സീറ്റാണ് കർണാടകയിലുള്ളത്.ഗ്യാരൻറികൾ താഴേത്തട്ടിൽ കോൺഗ്രസിന് ഗുണം ചെയ്യുമെന്നാണ് സർവേ പ്രവചനം. ബിജെപിക്ക് 11–13 സീറ്റ് വരെ മാത്രമേ കിട്ടൂ എന്നും സർവേ പറയുന്നു. കഴിഞ്ഞ കർണാടക നിയമസഭാ തെരഞ്ഞെടുപ്പ് ഫലം കൃത്യമായി പ്രവചിച്ച ഏജൻസിയാണ് ലോക്പോൾ.

തെലങ്കാനയിൽ കോൺഗ്രസിന് വൻ മുന്നേറ്റമുണ്ടാകും.17–ൽ 13 മുതൽ 15 സീറ്റ് വരെ കോൺഗ്രസിന് കിട്ടും. ബിആർഎസ് ഒരു സീറ്റിലൊതുങ്ങും, അല്ലെങ്കിൽ സീറ്റുണ്ടാകില്ല. ബിജെപിക്ക് 2 മുതൽ 3 സീറ്റ് വരെ കിട്ടാം. എഐഎംഐഎം ഹൈദരാബാദ് മണ്ഡലം നിലനിർത്തുമെന്നും ലോക്പോൾ സർവേ പറയുന്നു.

സീറ്റ് കുറയുമെന്ന ആശങ്ക ബിജെപിക്കില്ലെന്ന് കർണാടക ബിജെപി അധ്യക്ഷൻ ബി വൈ വിജയേന്ദ്ര പറഞ്ഞു. ട്രെൻഡ് വ്യക്തമാണെന്നും 28–ൽ 28 സീറ്റും നേടാനാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ഡി. എം. കെ സർക്കാറിനെതിരെ പ്രതിഷേധിച്ച് തമിഴ്നാട്ടിലെ ഗ്രാമീണർ തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചു

ചെന്നൈ: ഡി.എം.കെ സർക്കാറിനെതിരെ പ്രതിഷേധിച്ച് തമിഴ്നാട്ടിലെ നിരവധി ഗ്രാമീണർ ഇന്നലെ ലോക്സഭാ തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചു. കാഞ്ചിപുരം ജില്ലയിലെ ഏകനാപുരം ഗ്രാമത്തിലെ ഭൂരിഭാഗം ആളുകളും ഇന്നലെ വോട്ട് ചെയ്തില്ല. പരന്തൂരിൽ രണ്ടാമത്തെ വിമാനത്താവളം നിർമ്മിക്കാനുള്ള സംസ്ഥാനത്തിന്റെ നിർദ്ദേശത്തിനെതിരെ 600 ദിവസത്തിലേറെയായി ഇവർ സമരം ചെയ്ത് വരികയാണ്. ഏകനാപുരത്തെ 1400 വോട്ടർമാരിൽ സർക്കാർ ജീവനക്കാരായ 21 പേർ മാത്രമാണ് വോട്ട് ചെയ്തത്. നാട്ടുക്കാരും കർഷകരും വോട്ട് ചെയ്തില്ല.

ചെന്നൈയിലെ അന്താരാഷ്ട്ര വിമാനത്താവളത്തിനൊപ്പം പരന്തൂരിൽ രണ്ടാമത്തെ ഗ്രീൻ ഫീൽഡ് വിമാനത്താവളം നിർമ്മിക്കാൻ ഡി.എം.കെ സർക്കാർ നിർദ്ദേശിച്ചിരുന്നു. പദ്ധതിക്കായി ഏകനാപുരത്തിലേയും പരിസര ഗ്രാമങ്ങളിലേയും ഭൂമി ഏറ്റെടുക്കേണ്ടതായി വരും. ഭൂമി യേറ്റെടുക്കുന്നത് മൂലം ദുരിതമനുഭവിക്കുന്ന കുടുംബത്തിലെ ഓരോ അംഗത്തിനും സർക്കാർ ജോലിയും, വീടിന് പകരം ഭൂമിയും നൽകുമെന്നും കൂടാതെ വിപണി വിലയുടെ 3.5 ഇരട്ടി നഷ്ടപരിഹാരം നൽകുമെന്നും സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു.

എന്നാൽ, പദ്ധതി തങ്ങളുടെ കൃഷിഭൂമി നഷ്ടപ്പെടുത്തുമെന്ന് പറഞ്ഞ് ഗ്രാമവാസികൾ ഇതിനെ എതിർത്തു. ജലസ്രോതസ്സുകളെയും പ്രതികൂലമായി ബാധിക്കുമെന്ന് പരിസ്ഥിതി പ്രവർത്തകർ ആശങ്ക പ്രകടിപ്പിച്ചു. അതേസമയം, 2022 ഡിസംബറിൽ കുടിവെള്ള ടാങ്കിൽ മനുഷ്യമലം കലർത്തിയ പ്രതികളെ ഇത് വരെ പൊലീസ് കണ്ടെത്താത്തതിൽ പുതുക്കോട്ട ജില്ലയിലെ വേങ്ങൈവയൽ ഗ്രാമവാസികൾ രോഷാകുലരാണ്. ദലിതർ മാത്രം താമസിക്കുന്ന പ്രദേശത്തേക്ക് വെള്ളം വിതരണം ചെയ്യുന്നതാണ് ഈ ടാങ്ക്. ഇതിനെതുടർന്ന് 60ലധികം ദലിത് കുടുംബങ്ങൾ വോട്ടെടുപ്പ് ബഹിഷ്കരിക്കുകയും വീടിനു മുകളിൽ കരിങ്കൊടി സ്ഥാപിക്കുകയും ചെയ്തു.

കുടിവെള്ളം, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ കടലൂർ ജില്ലയിലെ മുത്തനൈ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള നാല് ഗ്രാമങ്ങൾ തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചു. നാഗപട്ടണത്തെ നമ്പ്യാർ ഗ്രാമത്തിൽ നിന്നുള്ളവർ തങ്ങളുടെ ജലക്ഷാമം പരിഹരിക്കുന്നതിൽ കാലതാമസം വരുത്തുന്നതിൽ പ്രതിഷേധിച്ച് വോട്ട് ചെയ്യേണ്ടെന്ന് തീരുമാനിക്കുകയായിരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം തിരുവണ്ണാമലൈ ജില്ലയിലെ മൊതക്കൽ ഗ്രാമത്തിലെ 500 ഓളം ദളിത് കുടുംബങ്ങളും വോട്ട് ചെയ്യാൻ എത്തിയില്ല.

തിരുവള്ളൂർ ജില്ലയിലെ കുമാരരാജിപേട്ട ഗ്രാമത്തിലെ രണ്ട് ക്ഷേത്രങ്ങൾ പൊളിക്കേണ്ടി വന്ന സർക്കാർ പദ്ധതിയിൽ എതിർപ്പ് പ്രകടിപ്പിച്ച് ആളുകൾ തെഞ്ഞെടുപ്പ് ബഹിഷ്കരിച്ചു. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും പൊലീസും വോട്ടർമാരെ അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലും വോട്ട് ചെയ്യില്ലെന്ന നിലപാടിൽ അവർ ഉറച്ചു നിന്നു. ഈ ബഹിഷ്കരണങ്ങളോട് തമിഴ്നാട്ടിലെ തെരഞ്ഞെടുപ്പ് ഓഫീസ് പ്രതികരിച്ചിട്ടില്ല.

ഇലോൺ മസ്കിന്റെ ഇന്ത്യ സന്ദർശനം മാറ്റിവെച്ചതായി റിപ്പോർട്ട്

ന്യൂയോർക്ക്: ടെസ്ല സി.ഇ.ഒ ഇലോൺ മസ്കിന്റെ ഇന്ത്യ സന്ദർശനം മാറ്റിവെച്ചതായി റിപ്പോർട്ട്. ഏപ്രിൽ 21, 22 തീയതികളിലായിരുന്നു മസ്ക് ഇന്ത്യയിലെത്തുമെന്ന് അറിയിച്ചിരുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്താനും നിശ്ചയിച്ചിരുന്നു.

മോദിയുമായുള്ള കൂടിക്കാഴ്ചക്കായി കാത്തിരിക്കുകയാണെന്നാണ് ഏപ്രിൽ പത്തിന് മസ്ക് എക്സിൽ കുറിച്ചത്. ഇന്ത്യയിൽ ടെസ്ല 2–3 ബില്യൺ ഡോളറിന്റെ നിക്ഷേപം പ്രഖ്യാപിക്കുമെന്നും റിപ്പോർട്ടുകളുണ്ട്. ഇലോൺ മസ്കിന്റെ സന്ദർശനം ബി.ജെ.പി തെരഞ്ഞെടുപ്പ് പ്രചാരണ ആയുധമാക്കിയിരുന്നു.

നിർഭാഗ്യവശാൽ, ടെസ്ലയുമായി ബന്ധപ്പെട്ട തിരക്കുകൾ കാരണം ഇന്ത്യയിലേക്കുള്ള സന്ദർശനം വൈകുമെന്ന് ഇലോൺ മസ്ക് എക്സിൽ അറിയിച്ചു. ഈ വർഷം തന്നെ ഇന്ത്യയിലെത്താനാണ് ആഗ്രഹമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞവർഷം ജൂണിൽ മോദി അമേരിക്ക സന്ദർശിച്ചപ്പോൾ ഇലോൺ മസ്കുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ലോകത്തിലെ മുൻനിര ഇലക്ട്രിക് വാഹന നിർമാണ കമ്പനിയായ ടെസ്ലയെ ഇന്ത്യയിൽ അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്



ചൈതന്യ
ജ്യോതിഷാലയം & മാര്യേജ് ബ്യുറോ
ഗുരുദേവ ഓഡിറ്റോറിയത്തിന് എതിർവശം എളമ്പല്ലൂർ, കുണ്ടറ പോസ്റ്റ്

ജ്യോതിഷ സംബന്ധമായ ആവശ്യങ്ങൾക്കും
പ്രശ്നം, മുഹൂർത്തം, ജാതകം, വാസ്തുദോഷം, നവരത്ന കല്ലുകൾ മുതലായവക്കും സമീപിക്കുക.

കൂടാതെ മാര്യേജ് ബ്യൂറോയിൽ സൗജന്യമായി വിവാഹ രജിസ്ട്രേഷൻ നൽകുന്നു.

ഫോൺ: 9447211048

ജ്യോത്സ്യൻ: ജ്യോതിഷ ഭൂഷണം തൊടിയിൽ ഉണ്ണികൃഷ്ണൻ

കൊല്ലം പോർട്ടിന്റെ സുരക്ഷ ആയുധധാരികൾ ഏറ്റെടുത്തു, ഇന്റലിജൻസിന്റെ പ്രത്യേക നിരീക്ഷണത്തിൽ

കൊല്ലം: ലക്ഷദ്വീപിലെ കവരത്തിയിലേക്കുള്ള എയർഫോഴ്സിന്റെ പ്രതിരോധ സാമഗ്രികൾ കൊല്ലം പോർട്ടിലെത്തിച്ചു. എട്ട് ഡിഫൻസ് ട്രക്കുകളും അഞ്ച് കണ്ടെയ്നറുകളും നിരവധി ലോറികളിലായി നിരവധി പാക്കേജുകളുമാണ് കൊല്ലം പോർട്ടിൽ എത്തിച്ചത്. സാമഗ്രികൾ ബാർജിൽ രണ്ട് ദിവസത്തിനകം കവരത്തിയിലേക്ക് കൊണ്ടുപോകും.

അതീവ സുരക്ഷാ പ്രാധാന്യമുള്ളവയായതിനാൽ കണ്ടെയ്നറുകളിലും പാക്കേജുകളിലും ഉള്ളതെന്താണെന്ന് വെളിപ്പെടുത്തിയിട്ടില്ല.

സാമഗ്രികൾ കൊണ്ടുപോകാൻ മുംബയിൽ നിന്ന് സീവാരിയർ എന്ന ബാർജും ഇത് വലിച്ചുകൊണ്ടുപോകാനായി ഓഷ്യൻ സിയാച്ചൽ എന്ന കൂറ്റൻ ടഗും ഇന്ന് ഉച്ചയോടെ പോർട്ടിലെത്തും. ലോറികളിൽ നിന്നുള്ള കണ്ടെയ്നറുകളും പാക്കേജുകളും ബാർജിലേക്ക് മാറ്റും.

ട്രക്കുകൾ അതുപോലെ ബാർജിൽ കൊണ്ടുപോകും. പാക്കേജുകളും കണ്ടെയ്നറുകളും വെൽഡ് ചെയ്തു ബാർജിൽ ഉറപ്പിച്ച് ഷീറ്റ് കൊണ്ട് മൂടിയാകും കവരത്തിയിലേക്ക് കൊണ്ടുപോവുക.

കവരത്തിയിൽ ബാർജിൽ നിന്ന് സാമഗ്രികൾ ഇറക്കാനായി 150 ടൺ ഭാരദഹന ശേഷിയുള്ള ക്രെയിനും ബാർജിൽ കൊണ്ടുപോകും. തിരുവനന്തപുരത്ത് നിന്ന് ക്രെയിൻ ഇന്ന് കൊല്ലം പോർട്ടിലെത്തിക്കും.

തിരുവനന്തപുരം മുട്ടത്തറയിൽ നിന്ന് ആയുധധാരികളായ എയർഫോഴ്സ് സംഘത്തിന്റെയും പൊലീസിന്റെയും പ്രത്യേക എക്സ്കോർട്ടിലാണ് പ്രതിരോധ സാമഗ്രികൾ കൊല്ലത്തേക്ക് കൊണ്ടുവന്നത്. പോർട്ടിന്റെ സുരക്ഷയും ആയുധധാരികളായ എയർഫോഴ്സ് സംഘം ഏറ്റെടുത്തിട്ടുണ്ട്.

കൊല്ലം പോർട്ട് ഓഫീസർ ക്യാപ്ടൻ കെ.അശ്വനി പ്രതാപിന്റെ നേതൃത്വത്തിൽ പ്രതിരോധ സാമഗ്രികൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പോർട്ട് പരിസരത്ത് കേന്ദ്ര ഇന്റലിജൻസ് സംഘവും പ്രത്യേക നിരീക്ഷണം നടത്തുന്നുണ്ട്.

ആദ്യ ബ്രേക്ക് ബൾക്ക് കാർഗോ

കൊല്ലം പോർട്ടിൽ നിന്നുള്ള ആദ്യ ബ്രേക്ക് ബൾക്ക് കാർഗോ സർവീസാണ് എയർഫോഴ്സിന്റെ കവരത്തിയിലേക്കുള്ള ചരക്ക് നീക്കം

■ മുംബയിൽ നിന്ന് ഐ.എസ്.ആർ.ഒയുടെ കൂറ്റൻ ഉപകരണങ്ങൾ കൊല്ലത്ത് എത്തിച്ച പാക്സ് ഷിപ്പിംഗ് കമ്പിനിക്കാണ് കവരത്തിയിലേക്കുള്ള ചരക്ക് നീക്കത്തിന്റെ ക്ലിയറിംഗ് ലോജിസ്റ്റിക്സ് ചുമതല

■ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് കൊച്ചി വഴി കവരത്തിയിലേക്ക് നേരത്തെ കൊണ്ടുപോയിരുന്ന പ്രതിരോധ സാമഗ്രികൾ എയർഫോഴ്സ് കൊല്ലം വഴിയാക്കിയതെന്നാണ് സൂചന

■ കൊല്ലത്ത് ഐ.സി.പി അനുവദിക്കുന്നതിന് മുന്നോടിയായി സുരക്ഷ ക്രമീകരണങ്ങൾ വിലയിരുത്താൻ കൂടിയാണ് എയർഫോഴ്സിന്റെ ചരക്ക് നീക്കമെന്നാണ് വിവരം

വിവാഹാലോചന നിരസിച്ചതിൽ പക; വീട്ടിൽക്കയറി അഞ്ചുപേരെ വെട്ടിയ പ്രതി പിടിയിൽ

ആലപ്പുഴ: ചെന്നിത്തല കാരാഴ്മയിൽ വീട് കയറി ആക്രമണം. അഞ്ചുപേർക്ക് വെട്ടേറ്റു. കാരാഴ്മ സ്വദേശി റാഷുദ്ദീനും കുടുംബത്തിനുമാണ് വെട്ടേറ്റത്. രണ്ടുപേരുടെ നില ഗുരുതരമാണ്. റാഷുദ്ദീന്റെ മകൾ സജിന വിവാഹാലോചന നിരസിച്ചതിനെ തുടർന്നുണ്ടായ പകയാണ് ആക്രമണത്തിന് പിന്നിലെന്നാണ് സൂചന. പ്രതി കാരാഴ്മ സ്വദേശി രഞ്ജിത്ത് രാജേന്ദ്രനെ പൊലീസ് പിടികൂടി.

ഇന്നലെ രാത്രി പത്തുമണിയോടെ റാഷുദ്ദീന്റെ വീട്ടിലെത്തിയ പ്രതി സജിനയെയാണ് ആദ്യം വെട്ടിപ്പരിക്കേൽപ്പിച്ചത്. നിലവിളി കേട്ടെത്തിയ സഹോദരനും തടയാൻ ശ്രമിച്ചവർക്കും വെട്ടേറ്റു. കുവൈത്തിൽ നഴ്സായ സജിനയുടെ ഭർത്താവിന്റെ മരണശേഷം പ്രതി രഞ്ജിത്ത് വിവാഹമാലോചിച്ചിരുന്നു. എന്നാൽ, രഞ്ജിന്റെ സ്വഭാവ ദൂഷ്യം മനസിലാക്കി സജിന വിവാഹത്തിൽ നിന്ന് പിന്മാറിയിരുന്നു. സജിന വിദേശത്തുനിന്ന് നാട്ടിലെത്തിയ വിവരമറിഞ്ഞാണ് പ്രതി ആയുധവുമായെത്തി ആക്രമണം നടത്തിയതെന്നാണ് പൊലീസ് പറയുന്നത്.

വോട്ടിംഗ് മെഷീൻ ആശങ്കകൾ പരിഹരിക്കണം

വോട്ടിംഗ് മെഷീന്റെ പ്രവർത്തനങ്ങളെക്കുറിച്ച് രാജ്യത്തിന്റെ പല കോണുകളിൽ നിന്ന് ഇതിനകം വിമർശനമുയർന്നിട്ടുണ്ട്. ഇന്നലെ കാസർക്കോട്ട് നിന്ന് ഇടത്-വലത് മുന്നണിയുടെ തിരഞ്ഞെടുപ്പ് ഏജന്റുമാരും ഇതേ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. കേന്ദ്രം ഭരിക്കുന്ന ബിജെപി വോട്ടിംഗ് മെഷീനിൽ കൃത്രിമം കാണിക്കുന്നുവെന്നാണ് പ്രധാന ആരോപണം. എന്നാൽ വോട്ടിംഗ് മെഷീനിൽ യാതൊരു കൃത്രിമവും കാണിക്കാൻ സാധിക്കില്ലെന്ന് കോടതിയിൽ ഇലക്ഷൻ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീം കോടതി ഇക്കാര്യത്തിൽ സംശയ ദൂരീകരണം നടത്താൻ ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വോട്ടിംഗ് മെഷീനിൽ ബാഹ്യ ഇടപെടലിലൂടെ തിരഞ്ഞെടുപ്പ് ഫലത്തിൽ മാറ്റമുണ്ടാക്കാമെന്ന് ടെക്നോളജിസ്റ്റുകളും അഭിപ്രായപ്പെടുന്നുണ്ട്. ഇത്തരം അഭിപ്രായം രേഖപ്പെടുത്തുന്നവരുടെ നിലപാടും സുപ്രീം കോടതിയും ഇലക്ഷൻ കമ്മീഷനും പരിശോധിക്കുകയും യാതൊരു ആക്ഷേപത്തിനും കൃത്രിമങ്ങൾക്കും അവസരം കൊടുക്കാതെ ജനാധിപത്യ പ്രക്രിയ സുതാര്യമായി പൂർത്തീകരിക്കാൻ ശക്തമായി ഇടപെടണം. രാജ്യത്തെ മുതിർന്ന രാഷ്ട്രീയ നേതാക്കളും വോട്ടിംഗ് മഷീനിലൂടെ കൃത്രിമം നടത്തിയാണ് ബിജെപി ജയിക്കുന്നതെന്ന് ഇതിനകം ആക്ഷേപം ഉന്നയിക്കുന്നതും ബന്ധപ്പെട്ടവർ ഗൗരവമായി നിരീക്ഷിക്കണം.

തിരഞ്ഞെടുപ്പിന്റെ തുടക്കത്തിൽ തന്നെ കാസർക്കോട്ട് നിന്ന് ഉയർന്ന ആക്ഷേപം പരിശോധിക്കണം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഇന്ത്യയിലെ ജനാധിപത്യ നടപടി ക്രമങ്ങൾ ലോകത്തിന് തന്നെ മാതൃകയാണ്. ലോകം സാകൂതം നിരീക്ഷിക്കുന്ന ഒന്നാണ് ഭാരതത്തിലെ ജനാധിപത്യ പ്രക്രിയ. ലോകത്തിന് മാതൃകയും അഭിമാനവുമാണ് ഇന്ത്യൻ ജനാധിപത്യം. ഇന്ത്യൻ ജനാധിപത്യത്തിന് മുകളിൽ കരിനിഴൽ വീഴ്ത്താൻ ആരേയും സമ്മതിക്കരുത്.

രാഷ്ട്രീയ പാർട്ടികൾ അധികാരത്തിൽ മാറി മാറി വരും. അതാണ് ജനാധിപത്യത്തിന്റെ സൗന്ദര്യം. ജനങ്ങൾ കാര്യങ്ങൾ വിലയിരുത്തി അവർക്കിഷ്ടമുള്ളവരെ തിരഞ്ഞെടുക്കട്ടെ. രാഷ്ട്രീയ പാർട്ടികളോ, ഭരിക്കുന്ന കക്ഷിയോ തെറ്റായ വഴികളിലൂടെ ജനാധിപത്യ പ്രക്രിയ അട്ടിമറിക്കാൻ ശ്രമിച്ചാൽ തകരുന്നത് ജനങ്ങളുടെ ജനാധിപത്യത്തോടുള്ള വിശ്വാസമാണ്. അത് തകരാതിരിക്കാൻ പരമോന്നത നീതി പീഠവും, ഇലക്ഷൻ കമ്മീഷനും കാവലാളായി നിൽക്കട്ടെ.

ചരമം



നോവലിസ്റ്റ് ജയപ്രകാശ് പുതുപ്പണം

വടകര നോവലിസ്റ്റും നാടകകൃത്തുമായ ജയപ്രകാശ് പുതുപ്പണം (73) അരവിന്ദ് ഘോഷ് റോഡിലെ അമ്മ വീട്ടിൽ അന്തരിച്ചു.

മാലാഖമാരുടെ ശാന്തി, ശിലാചിത്രങ്ങൾ, കനൽപാതകൾ എന്നീ നോവലുകളും ഭാരതാംബ നാടക സമാഹാരവും ഭൂമുഖത്തൊരു കുറ്റവിചാരണ എന്ന 5 ഏകാംഗ സമാഹാരവും ശ്രീരാമനന്ദ ഗുരുവിനെ കുറിച്ചുള്ള പുസ്തകവും പ്രസിദ്ധീകരിച്ചു. ഭാര്യ: പുഷ്പവേണി കുനിയിൽ. സഹോദരങ്ങൾ: രാജഗോപാൽ, ഹരിദാസൻ, സദാനന്ദൻ, ബാലകൃഷ്ണൻ, വിജയലക്ഷ്മി, വസന്തലക്ഷ്മി, പുഷ്പലത, ശൈലജ, പരേതരായ ബാലചന്ദ്രൻ പ്രേമലത.

ഡോ. വ്യാസ് മോഹൻ

കോഴിക്കോട്: എറണാകുളം ജനറൽ ആശുപത്രി റിട്ട. പീഡിയാട്രിക് സിവിൽ സർജൻ ഡോ.വ്യാസ് മോഹൻ (83).മക്കൾ നിതിൻ വ്യാസ് മോഹൻ, അമിത് വ്യാസ് മോഹൻ, അഡ്വ.സച്ചിൻ വ്യാസ്.

രാധ

കോഴിക്കോട്: കേന്ദ്രീയ വിദ്യാലയ നമ്പർ -1റിട്ട പ്രധാനാധ്യാപക രാധ പാവങ്ങാട്(82). ഭർത്താവ്: പരേതനായ വി.പി ശിവദാസൻ. മക്കൾ: വിപി രാധിക ശിവദാസൻ, ശിവപ്രസാദ്. മരുമക്കൾ: ടി മുരളീധരൻ, സി സജ്ന.

ബോട്ടിന്റെ മുകൾ ഭാഗം തീപിടിച്ച് നശിച്ച നിലയിൽ

കൊല്ലത്ത് കടലിൽ ബോട്ടിന് തീപിടിച്ചു

കൊല്ലം :കഴിഞ്ഞരാത്രിയിലുണ്ടായ ഇടിമിന്നലിൽ കടലിൽ മത്സ്യബന്ധനത്തിനു പോയ ബോട്ടിന് തീപിടിച്ചു.

ഇടിമിന്നലിനൊപ്പം ശക്തമായ മഴകൂടി ഉണ്ടായിരുന്നതിനാൽ കൂടുതൽഭാഗത്തേക്ക് തീ പടർന്നില്ല. ബോട്ടിന്റെ കാബിൻറെ മേൽക്കൂര അടർന്നുമാറി. ജി.പി.എസ്., വയർലെസ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ നശിച്ചു. ആളപായമില്ല.

വ്യാഴാഴ്ച രാത്രി 10.15-ന് ശക്തികുളങ്ങര ഹാർബറിൽ നിന്ന് 50 നോട്ടിക്കൽ മൈൽ അകലെയാണ് സംഭവം. ആലപ്പാട് സ്വദേശി കുഞ്ഞുമോന്റെ ഉടമസ്ഥതയിലുള്ള ആരോൺ എന്ന ബോട്ടിനാണ് മിന്നലേറ്റത്. ബുധനാഴ്ച പുലർച്ചെയാണ് ഹാർബറിൽനിന്ന് മത്സ്യബന്ധനത്തിനായി പുറപ്പെട്ടത്.

ബോട്ടിൽ 10 തൊഴിലാളികളാണുണ്ടായിരുന്നത്. ശക്തമായ മഴയോടൊപ്പമാണ് മിന്നലുമുണ്ടായത്. ഈ സമയം തൊഴിലാളികളെല്ലാം കാബിനുള്ളിലായിരുന്നു. കാബിന്റെ മുകൾഭാഗത്തെ ഒരു പാളി പ്ലൈവുഡ് അടർന്നുമാറി.

ജി.പി.എസ്., ആന്റിന, വയർലെസ്, എക്കോസൗണ്ടർ, സീ മൊബൈൽ തുടങ്ങിയ ഉപകരണങ്ങളെല്ലാം നശിച്ചു. വയർലെസ് സംവിധാനങ്ങൾ നശിച്ചതിനാൽ തൊഴിലാളികൾക്ക് കരയുമായി ബന്ധപ്പെടാനായില്ല.

തുടർന്ന് വെള്ളിയാഴ്ച പുലർച്ചെയോടെ ബോട്ട് ശക്തികുളങ്ങര ഹാർബറിലെത്തിച്ചു. നാലുലക്ഷം രൂപയുടെ നഷ്ടമാണുണ്ടായതെന്ന് തൊഴിലാളികൾ പറഞ്ഞു.

സിഡിഎം മെഷീനിൽ കള്ളനോട്ട് നിക്ഷേപം; രണ്ട് പേർ പിടിയിൽ

തിരുവനന്തപുരം : പൂവ്വൽ എസ്ബിഐയുടെ സിഡിഎം മെഷീനിൽ കള്ളനോട്ട് നിക്ഷേപിച്ച രണ്ട് പേർ പോലീസ് പിടിയിൽ .കാട്ടാക്കട പോലീസാണ് പ്രതികളെ അറസ്റ്റ് ചെയ്തത് . ആര്യനാട് സ്വദേശികളായ ജയൻ, ബിനീഷ്, എന്നിവരെയാണ് പോലീസ് പിടിയിലായത്. ഇവർ സിഡിഎമ്മിൽ നിക്ഷേപിച്ച 500 ന്റെ 8 നോട്ടുകൾ കള്ളനോട്ടാണെന്ന് നേരത്തെ കണ്ടെത്തിയിരുന്നു .

ജയൻ, ബിനീഷ് എന്നിവരാണ് കള്ളനോട്ട് നിർമാണത്തിന് പിന്നിൽ. പ്രതികൾ ഇതിന് മുൻപും സമാന രീതിയിൽ തട്ടിപ്പ് നടത്തിയിട്ടുണ്ടോയെന്നാണ് പോലീസിന്റെ സംശയം. കൂടുതൽ കള്ളനോട്ടുകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കും. ഇന്നലെയാണ് പൂവച്ചൽ എസ്ബിഐയുടെ സിഡിഎം മെഷീനിൽ ഇവർ കള്ളനോട്ട് നിക്ഷേപിച്ചത്. സംഭവം ബാങ്ക് അധികൃതരുടെ ശ്രദ്ധയിൽപ്പെടുകയും പണം നിക്ഷേപിച്ച അക്കൗണ്ട് കണ്ടെത്തി കാട്ടാക്കട പോലീസിൽ പരാതി നൽകുകയായിരുന്നു.

സിസിടിവി ദൃശ്യങ്ങളും അക്കൗണ്ട് ഡീറ്റെയിൽസ് എന്നിവ പരിശോധിച്ച പൊലീസ് പ്രതികളെ പിടികൂടുകയായിരുന്നു. പ്രതികളിൽ ഒരാളുടെ അമ്മയുടെ അക്കൗണ്ടിലേക്കാണ് കള്ളനോട്ട് നിക്ഷേപിച്ചത്. ഇതിൽ ബിനീഷാണ് കള്ളനോട്ട് നിർമാണത്തിലെ പ്രധാനി. ബന്ധുവായ ജയന്റെ് വീട്ടിലാണ് നോട്ട് നിർമ്മാണത്തിനുള്ള സജ്ജീകരണങ്ങൾ ഒരുക്കി കള്ളനോട്ട് നിർമ്മിച്ചിരുന്നതെന്നും പോലീസ് പറ്ഞ്ഞു.

ജയന്റെ് വീട്ടിൽ നിന്ന് പേപ്പറുകൾ, കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, മഷി ഉൾപ്പെടെ കള്ളനോട്ട് നിർമ്മിക്കാൻ ഉപയോഗിച്ചിരുന്ന വസ്തുക്കൾ പിടിച്ചെടുത്തിട്ടുണ്ട്. പ്രതികൾ കൂടുതൽ നോട്ടുകൾ പ്രിന്റ് ചെയ്തു വിതരണം ചെയ്തിട്ടുണ്ടോ എന്നും, മറ്റെവിടെയെങ്കിലും ഇതേ രീതിയിൽ നോട്ടുകൾ മാറിയെടുത്തിട്ടുണ്ടോ എന്നും പൊലീസ് അന്വേഷിക്കുന്നുണ്ട്. പ്രതികളെ ഇന്നലെ തന്നെ കോടതിയിൽ ഹാജരാക്കി കസ്റ്റഡിയിൽ വാങ്ങിച്ചു.

നിമിഷ പ്രിയയുടെ മോചനത്തിനായി അമ്മ യമനിലേക്ക് തിരിച്ചു

കൊച്ചി: വധശിക്ഷ വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന എറണാകുളം സ്വദേശി നിമിഷ പ്രിയയുടെ മോചനത്തിനായി അമ്മ പ്രേമകുമാരി യമനിലേക്ക് തിരിച്ചു.

കൊല്ലപ്പെട്ട യമൻ പൗരന്റെ കുടുംബത്തെ നേരിൽ കണ്ട് നിമിഷയുടെ മോചനം സാധ്യമാക്കാനാകുമെന്ന പ്രതീക്ഷയിലാണ് പ്രേമകുമാരി. പാലക്കാട് കൊല്ലങ്കോട് തേക്കിൻചിറ സ്വദേശിനിയാണ് നിമിഷ പ്രിയ. തലാൽ അബ്ദുൾ മഹ്ദിയെന്ന യമൻ സ്വദേശിയെ കൊലപ്പെടുത്തിയെന്നാണ് നിമിഷയ്ക്കെതിരേയുള്ള കേസ്.

തൊടുപുഴ സ്വദേശിയായ ടോമിയെ വിവാഹം കഴിച്ച് 2012ലാണ് നിമിഷപ്രിയ യെമനിൽ നഴ്സായി ജോലിക്ക് പോയത്. ഭർത്താവ് സ്വകാര്യ സ്ഥാപനത്തിലും നിമിഷ ക്ലിനിക്കിലും ജോലിനേടി. അതിനിടെ യമൻ പൗരനായ തലാൽ അബ്ദുൾ മഹ്ദിയെ പരിചയപ്പെടുകയും ഇരുവരും ചേർന്ന് കച്ചവട പങ്കാളിത്തത്തോടെ ക്ലിനിക്ക് തുടങ്ങാനും തീരുമാനിച്ചു. യമൻ പൗരന്റെ ഉത്തരവാദിത്തത്തോടെയല്ലാതെ ക്ലിനിക്ക് ആരംഭിക്കാനാവില്ല എന്നതിനാലാണ് മഹ്ദിയുടെ സഹായം തേടിയത്. ബിസിനസ് തുടങ്ങാൻ നിമിഷയും ഭർത്താവും തങ്ങളുടെ സമ്പാദ്യമെല്ലാം മഹ്ദിക്ക് കൈമാറിയിരുന്നു. ബിസിനസ്സിന് കൂടുതൽ പണം ആവശ്യമുള്ളതിനാൽ നിമിഷയും ഭർത്താവും മിഷേൽ എന്ന മകളുമൊത്ത് നാട്ടിലേക്ക് വന്നു. പിന്നീട് നാട്ടിൽ നിന്ന് യമനിലേക്ക് തിരിച്ചുപോയത് നിമിഷ മാത്രമായിരുന്നു. മഹ്ദിയുമായി ചേർന്ന് ക്ലിനിക്ക് തുടങ്ങിയശേഷം താൻ ഭാര്യയാണെന്ന് പലരേയും വിശ്വസിപ്പിച്ചു. വ്യാജ വിവാഹ സർട്ടിഫിക്കറ്റ് ഉണ്ടാക്കി. പിന്നീട് ഭീഷണിപ്പെടുത്തി മതാചാരപ്രകാരം വിവാഹം നടത്തി. ഇരുവരും ചേർന്ന് ആരംഭിച്ച ക്ലിനിക്കിലെ വരുമാനം മുഴുവൻ തലാൽ സ്വന്തമാക്കി. പാസ്പോർട്ട് തട്ടിയെടുത്തു. സ്വർണമെടുത്ത് വിറ്റു. അധികൃതർക്ക് പരാതി നൽകിയ നിമിഷപ്രിയയെ മഹ്ദി മർദനത്തിനിരയാക്കി. ജീവൻ അപകടത്തിലാകുമെന്ന ഘട്ടത്തിലാണ് താൻ മഹ്ദിയെ അപായപ്പെടുത്താൻ ശ്രമിച്ചത് എന്നാണ് നിമിഷപ്രിയ പറഞ്ഞത്.

യമൻ പൗരനായ തലാൽ അബ്ദുൾ മഹ്ദിയുടെ മാനസിക-ശാരീരിക പീഡനത്തിൽ നിന്ന് രക്ഷപ്പെടാനായി മഹ്ദിയെ കൊലപ്പെടുത്തിയെന്നതാണ് നിമിഷപ്രിയയ്ക്കെതിരേയുള്ള കേസ്. 2017ലായിരുന്നു സംഭവം.

മാസപ്പടി കേസ്: വരുംദിവസങ്ങളിൽ കൂടുതൽ പേരെ ചോദ്യം ചെയ്യുമെന്ന് ഇഡി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ മകൾ ഉൾപ്പെട്ട മാസപ്പടിക്കേസിൽ കൂടുതൽ പേരെ വരും ദിവസങ്ങളിൽ ഇ ഡി ചോദ്യം ചെയ്യും. നിലവിൽ ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തതിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആണ് കൂടുതൽ പേരെ വിളിപ്പിക്കുന്നത്.കഴിഞ്ഞ ദിവസവും ഹർജി പരിഗണിച്ചപ്പോൾ ചോദ്യം ചെയ്യൽ പൂർണമായും നിർത്തി വയ്ക്കാൻ കോടതി പറഞ്ഞിട്ടില്ല എന്നാണ് ഇഡി വാദം. സിഎംആർഎൽ വിവിധ വ്യക്തികളും കമ്പനികളുമായി135 കോടിയുടെ ഇടപാട് നടത്തിയിട്ടുണ്ടെന്നാണ് ഇഡിയുടെ കണ്ടെത്തൽ.

ഇന്നത്തെ ചിന്താ വിഷയം

വാഗ്ദാനങ്ങൾ പ്രതിജ്ഞാബന്ധിതമാക്കി മാറ്റുക

വാഗ്ദാനങ്ങൾക്ക് വില മതിക്കാത്ത കാലമാണ് ഇന്ന്. പല വാഗ്ദാനങ്ങളും പാലിക്കാതെ മൺമറയുന്നതു കാണാം. തെരഞ്ഞെടുപ്പ് കാലത്തെ രാഷ്ട്രീയപാർട്ടികൾ വാഗ്ദാനങ്ങളുടെ നീണ്ട പട്ടികയുമായിട്ടായിരിക്കും വരവ്. സത്യസന്ധതയില്ലാത്ത ഒരുതരം പ്രവണത. എന്താണതിനു കാരണം. പ്രതിജ്ഞാബന്ധിതമല്ലാത്തതിനാലാണ്. വാക്കുപാലിക്കുന്നതിനു പകരം വാഗ്ദാനമാണ് അവരുടെ കുറുക്കുവഴികൾ. നടന്നാൽ നടന്നു. പലതും നടക്കാതെ പോകുന്നതാണ് സത്യം . സ്വാർത്ഥതയുടെ ലോകത്ത് ഇതൊരു പുതുമയല്ല. ഇങ്ങനെ പ്രവൃത്തിക്കാതിരിക്കുമ്പോഴെ അതിശയം തോന്നു. ആത്മാർത്ഥതയില്ലാത്ത ലോകത്തിന് പ്രതിബദ്ധതയോ പ്രതിജ്ഞാബന്ധനമോ ഒരു വിഷയമല്ല. ഒരു പഴഞ്ചൊല്ലുണ്ട്, ആസനത്തിൽ ആലു കിളുത്താൽ അതും തണലായിരിക്കും. ഇത്തരക്കാരെ ഉപദേശിച്ചു നന്നാക്കാനാകില്ല. പൊള്ളയായ വാഗ്ദാനങ്ങൾക്ക് പൊള്ളയാം കർമ്മങ്ങളും. രാഷ്ട്രീയക്കാർ കല്ലിടൽ ചടങ്ങ് നിർവ്വഹിക്കും. ആ കല്ല് ശാപശിലയാകുന്നതല്ലാതെ കർമ്മ പുരോഗതിയില്ലാതെ നശിച്ചു പോകുന്നു. വ്യക്തിത്വം നശിച്ചവർക്ക് വ്യക്തി ശ്രേഷ്ഠത ഉണ്ടാക്കാനാവില്ല. ശാന്തിയും സമാധാനവും ഉള്ളിടത്ത് വാഗ്ദാനത്തിനൊടുള്ള കർമ്മങ്ങൾ ഏറെ മഹനീയമായിരിക്കും. ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നു കൊണ്ട് നന്ദി നമസ്ക്കാരം.

കെ. വിജയൻ നായർ
(മുംബൈ)

പതിനൊന്നാമത് ദുബായ് ഫുഡ് ഫെസ്റ്റിവൽ ആരംഭിച്ചു

ഏപ്രിൽ 19 മുതൽ മെയ് 12 വരെ 23 ദിവസം നീണ്ടുനിൽക്കുന്ന പതിനൊന്നാമത് ദുബായ് ഫുഡ് ഫെസ്റ്റിവലിനു തുടക്കമായി. ഡിഎഫ്എഫ് 2024, നഗരത്തിലുടനീളം പാചക അനുഭവങ്ങൾ, പ്രത്യേക മെനുകൾ, ഇവന്റുകൾ എന്നിവയും അതിലേറെയും ഉള്ള നഗരത്തിന്റെ ഡൈനാമിക് ഡൈനിംഗ് രംഗത്തിന്റെ മനോഹരമായ ഷോകേസ് വാഗ്ദാനം ചെയ്യുന്നു. ദുബായിലെ ഫെസ്റ്റിവൽസ് ആൻഡ് റീട്ടെയിൽ എസ്റ്റാബ്ലിഷ്മെന്റ് (ഡിഎഫ്ആർഇ) സംഘടിപ്പിക്കുന്ന ഈ വർഷത്തെ ഡിഎഫ്എഫ്, ദുബായ് റെസ്റ്റോറന്റ് വീക്ക്, ഫുഡി എക്സ്പീരിയൻസ്, ഇ & ബീച്ച് കാന്റീൻ, 10 ദിർഹം ഡിഷ് എന്നിവയും പുതിയ ഷെഫിന്റെ മെനുവും ഗൗൾട്ട് ആൻഡ് മില്ലൗ പാചക നവീകരണ പരിപാടികളും അവതരിപ്പിക്കും. ഭക്ഷണപ്രേമികൾക്ക് ഔട്ട്ഡോർ ഫുഡി മാർക്കറ്റുകൾ, പോപ്പ്-അപ്പ് റെസ്റ്റോറന്റുകൾ, സംഗീത ഇവന്റുകൾ, ആകർഷകമായ പാചക അനുഭവങ്ങൾ എന്നിവയും ആസ്വദിക്കാം."ദുബൈ ഫുഡ് ഫെസ്റ്റിവലിന്റെ പതിനൊന്നാമത് എഡിഷൻ ദുബായിലെ ഗ്യാസ്ട്രോണമി രംഗത്തെ ഏറ്റവും മികച്ച ഓഫറുകൾ മിതമായ നിരക്കിൽ അവതരിപ്പിക്കും, അതേസമയം നഗരത്തിലെ മികച്ച പാചക പ്രതിഭകളെ ശ്രദ്ധയിൽപ്പെടുത്തും. ഓരോ വർഷം കഴിയുന്തോറും, ഒരു ആഗോള ഗ്യാസ്ട്രോണമിക് ഡെസ്റ്റിനേഷൻ എന്ന നിലയിൽ ദുബായിയുടെ സ്ഥാനം ഞങ്ങൾ ശക്തിപ്പെടുത്തുന്നത് തുടരുന്നു, രുചി മുകുളങ്ങളെ ആകർഷിക്കുകയും ലോകമെമ്പാടും പ്രശംസ നേടുകയും ചെയ്യുന്നു.' ദുബായ് ഫെസ്റ്റിവൽസ് ആൻഡ് റീട്ടെയിൽ എസ്റ്റാബ്ലിഷ്മെന്റ് (ഡിഎഫ്ആർഇ) സിഇഒ അഹമ്മദ് അൽ ഖാജ പറഞ്ഞു. ഫൈൻ ഡൈനിംഗ് മുതൽ ഹിഡൻ ജെംസ് വരെ, എമിറാത്തി സങ്കൽപ്പങ്ങൾ മുതൽ അന്താരാഷ്ട്ര മിഷെലിൻ-സ്റ്റാർ ചെയ്ത റെസ്റ്റോറന്റുകൾ വരെ, DFF 2024 ൽ എല്ലാവർക്കുമായി എന്തെങ്കിലും ഉണ്ട്. നഗരത്തിന്റെ പാചക രംഗം രൂപപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഷെഫുകൾ, ട്രെയിൽബ്ലേസർമാർ, രുചി നിർമ്മാതാക്കൾ എന്നിവരുടെ സംഭാവനകളെയും ഫെസ്റ്റിവൽ അംഗീകരിക്കും. ദുബായ് റെസ്റ്റോറന്റ് വീക്കിൽ ദുബായിലെ

ഇളമ്പള്ളൂർ ശ്രീ മഹാദേവി ക്ഷേത്രം നാലമ്പലം പത്താമുദയ മഹോത്സവം

കുണ്ടറ, കൊല്ലം. ഫോൺ: 0474 2547577

1199 മേടം 01 മുതൽ 10 വരെ | 2024 ഏപ്രിൽ 14 മുതൽ 23 വരെ

ചരിത്രത്തിന്റെ ഭാഗമാവാൻ ഭാഗ്യം ലഭിച്ച അപൂർവം തറവാടുകളിലൊന്നാണ് ഇലഞ്ഞിവേലിൽ കുടുംബം. പുനുക്കന്നൂർ ദേശത്ത് ഇലഞ്ഞിവേലിൽ തറവാട്ടിലെ കാരണവന്മാർ ഉമയമ്മറാണിയുടെ ഭരണ കാലത്ത് സർവ്വ സൈന്യാധിപന്മാരായിരുന്നു. അവരുടെ ഈശ്വരഭക്തിയും ദേശസ്നേഹവും പരിഗണിച്ച് ധാരാളം ഭൂസ്വത്തുക്കൾ അവർക്ക് റാണി കരമൊഴിവാക്കി നൽകി.

അവിടെ അഭ്യാസകളരിയും പരാശക്തിദേവതകൾക്ക് ആസ്ഥാനങ്ങളും നിർമിച്ചു. രുദ്രസ്വരൂപിണിയായ കൊടുങ്ങല്ലൂർദേവി സൗമ്യ സ്വരൂപിണിയും ചൈതന്യവുമായി ഇളമ്പള്ളൂരിലെത്തി സ്ഥിരസ്ഥിതയാവുകയും ചെയ്തു. കുടുംബ കാരണവന്മാർ ദേവപ്രശ്നത്തിലൂടെ കളരിയിൽ പിംപ്രതിഷ്ഠയായി ദേവിയെ കുടിയിരുത്തി ആരാധന നടത്തുകയും ചെയ്തു. മറ്റുക്ഷേത്രങ്ങളിൽനിന്ന് വ്യത്യസ്ഥമായി ഇളമ്പള്ളൂർ ദേവീക്ഷേത്ര ശ്രീകോവിലിന് മേൽക്കൂരയില്ല. എരിവെയിലും പെരുമഴയും ഇടിയും മിന്നലും കാറ്റും മഞ്ഞുമേറ്റാണ് ദേവി കുടിയിരിക്കുന്നത്. വനദുർഗ്ഗയായി ദേവിയുടെ ചൈതന്യം കുടികൊള്ളുന്നു. ആകാശംമുട്ടെ നിൽക്കുന്നതിനാൽ മേൽക്കൂര അസാദ്ധ്യമാണ്.

ക്ഷേത്രത്തിനുചുറ്റും വലിയ കാവുണ്ടായിരുന്നു. ഇന്നും കാവ് നിലനിന്നുപോരുന്നു. ക്ഷേത്രഭരണകാര്യത്തിലും വൻഭൂസ്വത്തിന്റെ ഭരണകാര്യത്തിലും കാലോചിതമായ മാറ്റങ്ങളുണ്ടായി.1957-ൽ രൂപീകരിച്ച ഇളമ്പള്ളൂർ ദേവസ്വം ട്രസ്റ്റാണ് പിന്നീട് ഭരണചുമതലകൾ നിർവ്വഹിച്ചുപോരുന്നത്. അറുനൂറിലധികം വർഷങ്ങൾക്കു മുമ്പാണ് ക്ഷേത്രം നിർമ്മിച്ചിരിക്കുന്നത്.

തലയോലപ്പറമ്പ് പരമേശ്വരമേനോന്റെയും ഏവൂർ കൈമളിന്റെയും ദേവപ്രശ്നവിധിപ്രകാരം പഴയ ക്ഷേത്രം പൊളിച്ച് പുതിയക്ഷേത്രം നിർമ്മിച്ചു. പ്രശസ്ഥ തച്ചുശാസ്ത്രജ്ഞൻ കൊടുങ്ങല്ലൂർ ശ്രീകണ്ഠൻ ആചാരിയുടെ നേതൃത്വത്തിൽ കേരള തനിമ നിലനിർത്തി കൃഷ്ണശിലയും തടിയും ചെമ്പോലയും കൊണ്ട് അന്നത്തെ ട്രസ്റ്റ് കൺവീനർ ശ്രീ ശങ്കരനാരായണന്റെ നേതൃത്വത്തിലുള്ള ഭരണസമിതി പുതിയ ശ്രീകോവിൽ പണികഴിപ്പിച്ച് ദർശനത്തിനായി ഭക്തർക്ക് തുറന്നു കൊടുത്തു.

സപ്ലിമെന്റ് തയാറാക്കിയത്
വേണുഗോപാൽ
പീപ്പിൾസ് റിവ്യൂ പ്രതിനിധി
കൊല്ലം

ADMISSIONS OPEN
2024 - 2025 LKG - STD IX
SCHOOL BUS AVAILABLE
0474 2547607, 7559025145
9496932749
stvincentskkpuram@gmail.com www.svskpuram.com
ST. VINCENT'S CONVENT SCHOOL (ICSE)
KERALAPURAM, PERUMPUZHA P.O, KOLLAM (Dist)



കെ.കെ അജിത് കുമാർ ധനലക്ഷ്മി ബാങ്ക് എംഡി

ന്യൂഡൽഹി: ധനലക്ഷ്മി ബാങ്ക് മാനേജിങ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫിസറുമായി കെകെ അജിത് കുമാറിനെ നിയമിക്കാൻ തീരുമാനിച്ചു. 3വർഷത്തേക്കാണ് നിയമനം. തീരുമാനത്തിന് ഓഹരി ഉടമകളുടെ അംഗീകാരം തേടാനുള്ള നടപടി ഉടനുണ്ടാകും. നിലവിൽ ഫെഡറൽ ബാങ്കിൽ പ്രസിഡന്റ് കേഡറിൽ ചീഫ് ഹ്യൂമൻ റിസോഴ്സഡ് ഓഫിസറാണ് അജിത് കുമാർ. ഫെഡറൽ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ഫെഡറൽ ഓപറേഷൻസ് ആൻഡ് സർവീസസ് ലിമിറ്റഡിന്റെ ഡയറക്ടറുമാണ്.

ഇന്നത്തെ പരിപാടി

ഗോകുലം ഗലേറിയ
തൈമാർക്ക് മൊയ്ത്തായ് ഫൈറ്റ് നൈറ്റ് 5.00
ടൗൺഹാൾ: ഔറ മ്യൂസിക് ഫാമിലി ഒരുക്കുന്ന സംഗീത സന്ധ്യ ഉദ്ഘാടനം കവി പികെ ഗോപി 6.00
മാവൂർ കൽപള്ളി ഫ്ളഡ് ലൈറ്റ്: കെഎംജി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് സംഘടിപ്പിക്കുന്ന ഹർഷം24 അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ 8.30

KSFE
(കേരള സർക്കാർ സ്ഥാപനം)
കുണ്ടറ മെയിൻ ശാഖ
ഹോസ്പിറ്റൽ ജംഗ്ഷൻ, കുണ്ടറ
Ph : 0474 2522571, Mob : 9447797047
e-mail : 47@ksfe.com, Gmail : 47ksfe@gmail.com
ഉടൻ ആരംഭിക്കുന്ന ചിട്ടികൾ

തവണസംഖ്യ (₹)	മാസം	സല (₹)
1,25,000	40	50 ലക്ഷം
50,000	30	15 ലക്ഷം
20,000	100	20 ലക്ഷം
25,000	40	10 ലക്ഷം
10,000	30	3 ലക്ഷം
12,500	40	5 ലക്ഷം
5,000	40	2 ലക്ഷം
2,500	40	1 ലക്ഷം
4,000	25	1 ലക്ഷം

G.O. (Rt) No.178/2024 dated 27/02/2024
മനുഷ്യപ്പറ്റുള്ള ഒരു ഗോൾഡ് ലോൺ!
ഭവന വായ്പ
വ്യക്തിഗത വായ്പ
വാഹന ഗൃഹോപകരണ വായ്പ
പ്രവാസി ചിട്ടി
ഉടൻ ആരംഭിക്കുന്ന മൾട്ടി ഡിവിഷൻ ചിട്ടി
10,000 x 60 =
ഓരോ മാസത്തിലും 1 നറുക്കും 3 ലേലവും
6 ലക്ഷം (4 ഡിവിഷനുകൾ)
• ചിട്ടിപ്പണ നിക്ഷേപത്തിന് ഉയർന്ന പലിശ.
• ചിട്ടി സലയുടെ 50% വരെ വായ്പാ സൗകര്യം.
• ചിട്ടി തവണ സംഖ്യ ksfeonline.com അല്ലെങ്കിൽ KSFE Power App മുഖേനയോ അടയ്ക്കുവാനുള്ള സൗകര്യം.
• ദിവസ/ആഴ്ച/മാസ സൗജന്യ ഡോർ കളക്ഷൻ സൗകര്യം.
• KSFE യുടെ ഏത് ബ്രാഞ്ചിൽ നിന്നും ചിട്ടി പണം അയ്ക്കുവാനുള്ള സൗകര്യം.

7994 207 035
Kundara, Near Town Masjid
Elampalloor, Kollam - 691501
SAMEER SALAHUDEEN
Managing Director
qlightsgroup@gmail.com
QUELIGHTS
illuminate your world
WE ARE THE MANUFACTURERS OF ALL KIND OF LED LIGHTINGS & FIXTURES
QUELIGHTS
KUNDARA, NEAR TOWN MASJID
ELAMPALLOOR, KOLLAM - 691501

ഉത്സവാശംസകളോടെ...
JS ELECTRONICS
കലാസമിതിക്കുസമീപം, പെരുമ്പുഴ ഫോൺ: 7025 015 642
എല്ലാവിധ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഉപകരണങ്ങളും റിപ്പയർ ചെയ്ത് കൊടുക്കപ്പെടും
മിക്സി, ഗ്രൈൻഡർ, ഫാൻ, അയൺ ബോക്സ്, ഇൻവെർട്ടർ, മോട്ടോർ വൈൻഡിംഗ്, ട്രാൻസ്ഫോർമർ വൈൻഡിംഗ്
ഭൂമി അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയാറാക്കി നൽകുന്നു
പലിശ ഒരു രൂപ മാത്രം
ഉത്സവാശംസകളോടെ...
സ്വർണ വായ്പാ
രംഗത്ത് മറ്റൊരിടത്തും കിട്ടാത്ത കുറഞ്ഞ പലിശയിൽ കൂടുതൽ വായ്പ
ഫാമിലി ബസാറിന് സമീപം, കേരളപുരം റോഡ്, പെരുമ്പുഴ, കൊല്ലം
പെരുമ്പുഴ ഫൈനാൻസ്
സ്വർണപ്പണയം

ഉത്സവാശംസകളോടെ...
Future begins here....
Estd:2003
എക്സ്പ്ലോർ സ്റ്റഡി സെന്റർ
No.1 in Perumpuzha
സ്റ്റഡിസെന്റർ പെരുമ്പുഴ
8129 914 166, 9562 438 669
8078 191 318
Classes : +1,+2 (SCIENCE, & COMPUTER SCIENCE)
I to X (English & Malayalam Medium) State / CBSE / ICSE / THSLC/ VHSE
വെക്കേഷൻ ക്ലാസ്സുകൾ 2024 -25
State CBSE ICSE
+2 X IX VIII
2024 ഏപ്രിൽ രാവിലെ 10.00 മണിക്ക് 03
+1 1to7
2024 മെയ് രാവിലെ 10.00 മണിക്ക് 02

ഗോൾനേട്ടം ആഘോഷിക്കുന്ന ഒഡീഷ താരങ്ങൾ

ഒഡീഷയോട് തോറ്റ് ബ്ലാസ്റ്റേഴ്സ് സെമി കാണാതെ പുറത്ത്

ഭുവനേശ്വർ: ഐഎസ്എൽ പ്ലേഓഫിൽ വീണുടഞ്ഞ് ബ്ലാസ്റ്റേഴ്സ് സ്വപ്നങ്ങൾ. കലിംഗ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ഒഡീഷ എഫ്.സിയോടാണ് കീഴടങ്ങിയത്. ഒരുഗോളിന് മുന്നിൽ നിന്ന ശേഷമായിരുന്നു തോൽവി. ഒഡീഷക്കായി ഡീഗോ മൗറീഷ്യോ(87), ഇസാക് വൻലാറുഫെലെയും ലക്ഷ്യംകണ്ടു. ഫെഡോർ സെർണിചാണ്(67) ബ്ലാസ്റ്റേഴ്സിന്റെ ആശ്വാസ ഗോൾനേടിയത്. സെമിയിൽ നിലവിലെ ജേതാക്കളായ മോഹൻ ബഗാൻ സൂപ്പർ ജയന്റ്സാണ് എതിരാളികൾ. കഴിഞ്ഞ പത്തുവർഷമായി കൊതിക്കുന്ന കിരീടമാണ് ഇത്തവണയും അവസാന നിമിഷം ഇല്ലാതായത്. ആദ്യാവസാനം മികച്ച കളി പുറത്തെടുത്തെങ്കിലും നിർഭാഗ്യം ബ്ലാസ്റ്റേഴ്സിനെ പിന്തുടരുകയായിരുന്നു.

ബ്ലാസ്റ്റേഴ്സിന്റെ മികച്ച മുന്നേറ്റത്തിലൂടെയാണ് പ്ലേഓഫ് മത്സരം ആരംഭിച്ചത്. നാലാം മിനിറ്റിൽ ഫെഡോർ സെർണിചിന്റെ മികച്ച ഷോട്ട് പോസ്റ്റിനെ തൊട്ടുരുമ്മി പുറത്തേക്ക് പോയത്. മറുഭാഗത്ത് റോയ് കൃഷ്ണയെ കേന്ദ്രീകരിച്ചായിരുന്നു ഒഡീഷയുടെ മുന്നേറ്റങ്ങൾ. എന്നാൽ ആദ്യ പകുതിയിൽ ലക്ഷ്യത്തിലേക്ക് ഒരേയൊരു ഷോട്ട് മാത്രമാണെത്തിയത്. ബ്ലാസ്റ്റേഴ്സായിരുന്നു ഷോട്ടുതിർത്തത്. മുന്നേറ്റത്തിൽ കാര്യമായ നീക്കങ്ങൾ നടത്തിയില്ലെങ്കിലും പ്രതിരോധത്തിൽ മികച്ച പ്രകടനമാണ് മഞ്ഞപ്പട പുറത്തെടുത്തത്. ആദ്യ പകുതിയിൽ നിർത്തിയിടത്തുനിന്ന് രണ്ടാം പകുതി തുടങ്ങിയ മഞ്ഞപ്പട അതിവേഗനീക്കങ്ങളിലൂടെ എതിർബോക്സിനെ വിറപ്പിച്ചു.

67ാം മിനിറ്റിൽ മികച്ച ടീം ഗെയിമിലൂടെ സന്ദർശകർ ഗോൾനേടി. മുഹമ്മദ് ഐമൻ നൽകിയ ത്രൂബോൾ സ്വീകരിച്ച് മുന്നേറിയ ഫെഡോർ സെർണിച് ഗോൾകീപ്പറിനെ കാഴ്ചക്കാരനാക്കി പന്തുവലയിലാക്കി. ലിത്വാനിയൻ താരത്തിന്റെ മൂന്നാം ഐഎസ്എൽ ഗോൾ. ഗോൾ നേടിയിട്ടും അക്രമണം തുടർന്ന ബ്ലാസ്റ്റേഴ്സ് കളിയുടെ നിയന്ത്രണം കൈവിട്ടില്ല. എന്നാൽ കളി അവസാനിക്കാൻ മൂന്ന് മിനിറ്റ് മാത്രം ബാക്കിനിൽക്കെ പ്രതിരോധ പിഴവിൽ ഒഡീഷ വലകുലുക്കി. റോയ് കൃഷ്ണ-ഡീഗോ മൗറീഷ്യോ സഖ്യം സമനില ഗോൾനേടി.

ഹാഫിൽ നിന്ന് ബോക്സിലേക്ക് നൽകിയ ലോങ്ങ്ബോൾ സ്വീകരിച്ച് റോയ് കൃഷ്ണ ബ്ലാസ്റ്റേഴ്സ് ഡിഫൻഡേഴ്സിനിടയിലൂടെ നൽകിയ ക്രോസ് ഡീഗോ മൗറീഷ്യ(87) വലയിലേക്ക് തട്ടിയിട്ടു. ഉജ്ജ്വല ഫോമിലായിരുന്ന ഗോൾകീപ്പർ ലാറ ശർമക്ക് പരിക്കേറ്റതും രണ്ടാം പകുതിയിൽ ബ്ലാസ്റ്റേഴ്സിന് വലിയ തിരിച്ചടിയായി.

പരിക്കേറ്റ് മാസങ്ങളായി കളിക്കളത്തിന് പുറത്തായിരുന്ന ബ്ലാസ്റ്റേഴ്സ് നായകൻ അഡ്രിയാൻ ലൂണ 80ാം മിനിറ്റിൽ പകരക്കാരനായി കളത്തിലിറങ്ങി. 88ാം മിനിറ്റിൽ മാർക്കോ ലെസ് കോവിച് ഗോൾ ലൈൻ സേവിലൂടെ ബ്ലാസ്റ്റേഴ്സിനെ രക്ഷപ്പെടുത്തി. മുഴുവൻ സമയവും ഇരുടീമുകളും (11) സമനില പാലിച്ചതോടെ മത്സരം എക്സ്ട്രാ ടൈമിലേക്ക്. അധിക സമയത്തും ബ്ലാസ്റ്റേഴ്സായിരുന്നു ആക്രമണത്തിന് ചുക്കാൻ പിടിച്ചത്. എന്നാൽ 98ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് പ്രതിരോധത്തിലെ പിഴവ് മുതലെടുത്ത് ആതിഥേയർ വിജയഗോൾ നേടി. 98ാം മിനിറ്റിൽ അഹമ്മദ് ജാഹു ബോക്സിലേക്ക് ഉയർത്തി നൽകിയ ലോങ്ങ്ബോൾ കൃത്യമായി പിടിച്ച് റോയ് കൃഷ്ണ നൽകിയ ക്രോസ് ഇസാക് ഇസാക് വൽനർക്ഫലെ വലയിലാക്കി. 103ാം മിനിറ്റിൽ അഡ്രിയാൻ ലൂണയുടെ ക്രോസിൽ മലയാളിതാരം രാഹുൽ കെപിയുടെ ഹെഡ്ഡർ ഗോൾശ്രമം ഒഡീഷ ഗോൾകീപ്പർ അത്ഭുതകരമായി തട്ടിയകറ്റി.

അവസാന മിനിറ്റുകളിൽ തുടരെ ബ്ലാസ്റ്റേഴ്സ് മുന്നേറ്റം നടത്തിയെങ്കിലും ഒഡീഷ ഗോൾകീപ്പർ അമരിന്ദർ സിങ് വില്ലനായി അവതരിച്ചു.

റയൽ മാഡ്രിഡിനൊപ്പം 23 വർഷം, നാച്ചോ ക്ലബ് വിടുന്നു

ഡിഫൻഡർ നാച്ചോ ഫെർണാണ്ടസ് റയൽ മാഡ്രിഡ് ക്ലബിൽ കരാർ പുതുക്കില്ല. റയൽ മാഡ്രിഡ് താരത്തിന് പുതിയ കരാർ നൽകാൻ തയ്യാറാണെങ്കിലും നാച്ചോ ക്ലബ് മാനേജ്മെന്റിനോട് താൻ ക്ലബ് വിടാൻ ആഗ്രഹിക്കുന്നു എന്ന് അറിയിച്ചു. ഈ സീസൺ അവസാനം വരെയാണ് താരത്തിന് കരാർ ഉള്ളത്. ഇതു കഴിഞ്ഞ് ക്ലബ് വിടാൻ ആണ് നാച്ചോയുടെ തീരുമാനം. നാച്ചോ അവസാന 23 വർഷമായി റയൽ മാഡ്രിഡിനൊപ്പം ഉണ്ട്.23 വർഷം മുമ്പ് റയൽ മാഡ്രിഡിന്റെ അക്കാദമിയിൽ ചേർന്ന നാച്ചോ 2011 ഏപ്രിലിൽ വലൻസിയയ്ക്കെതിരായ മത്സരത്തിൽ ആയിരുന്നു റയലിനായി സീനിയർ അരങ്ങേറ്റം നടത്തിയത്. അന്ന് മുതൽ സ്ക്വാഡിലെ പ്രധാന താരമാണ് നാച്ചോ.നാച്ചോ റയൽ മാഡ്രിഡിനായി ഇതുവരെ 300ൽ അധികം കളികൾ കളിച്ചിട്ടുണ്ട്. റയലിനൊപ്പം അഞ്ച് ചാമ്പ്യൻസ് ലീഗ് അടക്കം 23 ട്രോഫികളും താരം നേടി. 33-കാരൻ ചാമ്പ്യൻസ് ലീഗിൽ മാത്രം ഇതുവരെ റയലിനായി 60ൽ അധികം മത്സരങ്ങൾ കളിച്ചിട്ടുണ്ട്.

പത്താമുദയ മഹോത്സവത്തിന് ആശംസകളോടെ...





RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.